(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ ആവശ്യകതയെപ്പറ്റിയും നിർമ്മാണത്തെപ്പറ്റിയും റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) അതിന്റെ എസ്റ്റിമേറ്റ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

(ബി) ഉദിക്കുന്നില്ല.

(സി) & (ഡി) 200 ലക്ഷം രൂപയ്ക്കുള്ള ഒരു റഫ് എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്.

ആയിരംതെങ്ങ്–അഴീക്കൽ പാലത്തിന്റെ നിർമ്മാണം

27 [3008] *ശ്രീ. എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരംതെങ്ങ്–അഴീക്കൽ പാലത്തിന്റെ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) പരിശോധിച്ചുവരുന്നു.

(സി) ഈ പാലത്തിന്റെ അഴീക്കൽ സൈഡിലുള്ള റിംഗ് ബണ്ടിന്റെ പണി ദ്രുതഗതിയിൽ നടന്നുവരുന്നു.

മേത്താനം പാലം നിർമ്മാണം

28 [3009] *ശ്രീ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ മേത്താനം പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുള്ള ഡിസൈനും എസ്റ്റിമേറ്റും തയ്യാറായിട്ടുണ്ടോ;

(സി) നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി ഈ വർഷംതന്നെ ഭരണാനുമതി നൽകാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) മേത്താനം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞു. അലൈൻമെന്റ് പ്ലാൻ തീരുമാനിച്ചു.

(ബി) ഡിസൈൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ഡിസൈൻ ലഭ്യമായാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

(സി) നടപടികൾ എടുത്തുവരുന്നു.

ഫറോക്ക്-വെസ്റ്റ്നെല്ലൂർ-കരുവൻതിരുത്തി റെയിൽവേ മേൽപ്പാലം

29 [3010] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക്-വെസ്റ്റ്നെല്ലൂർ-കരുവൻതിരുത്തി റെയിൽവേ മേൽപ്പാലം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കാമോ;

(ബി) അലൈൻമെന്റിന് റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ റെയിൽവേ അധികൃതരുമായി അടിയന്തിരമായി ബന്ധപ്പെട്ട് അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ;

(ഡി) മേൽപ്പാലം യഥാർത്ഥമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) & (ബി) കരുവൻതിരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് റെയിൽവേയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

(സി) & (ഡി) അലൈൻമെന്റിന് റെയിൽവേയുടെ അംഗീകാരംവാങ്ങി വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly